Kerala Occupational Therapists' Association

# ഒക്ക്യുപേഷണൽ തെറാപ്പി

ക്രിയാത്മകമായ ആരോഗ്യപരിചരണ മേഘല

# Occupational Therapy

A Gifted Profession

Joseph Sunny ജോസഫ് സണ്ണി

Phinoj K Abraham ഫിനോജ്. കെ. അബ്രാഹം

# Occupational Therapy
# A Gifted Profession

Joseph Sunny, MOT., (Peadiatrics)
*President, Occupational Therapist's Kerala Association*
*Executive Member of All India Occupational Therapist's Association*

Phinoj K Abraham, MOTh., (Neuroscience)
*Assistant Professor, SRM College of Occupational Therapy*
*Secretary, Occupational Therapist's Kerala Association*

KOTA
KERALA OCCUPATIONAL THERAPISTS' ASSOCIATION

'Occupational Therapy – The Arts and Science of Empowering Lives'
Occupational Therapists Kerala Association
www.keralaot.org

## ആമുഖം

ഒക്കുപ്പേഷണൽ തെറാപ്പി താരതമ്യേന നവീനമായ ഒരുചികിത്സാമുറയാണ്. 1949 മുതൽ ഇൻഡ്യയിൽ ഒക്കുപ്പേഷണൽ തെറാപ്പി പ്രവർത്തനനിരതമാണ്. വളരെയധികം പ്രവർത്തന സാധ്യതകളും, ആനുകാലിക പ്രാധാന്യവുമുള്ളതും അതോടപ്പം സമൂഹത്തിലെ വിവിധ തുറകളിലെ ആളുകൾക്ക് വളരെയേറെ പ്രയോജനപ്രദവുമായ ഈ തൊഴിൽ മേഖലയ്ക്ക് അർഹിക്കുന്ന പ്രാധാന്യം ഇന്ത്യയിൽ ലഭിക്കുന്നില്ല. ഇതിന് പ്രധാനകാരണമായി ചൂണ്ടികാണിക്കപ്പെടുന്നത് ഈ തൊഴിൽ മേഖലയെകുറിച്ച് വേണ്ടത്ര അവബോധം സർക്കാർ തലത്തിലും സാധാരണ ജനങ്ങളടെ ഇടയിലും ഇല്ലാത്തതാണ്.

ഒക്ക്യുപേഷണൽ തെറാപ്പിയെകുറിച്ചും ഇതിന്റെ പ്രവർനസാധ്യതകളെയും തൊഴിൽ സാധ്യതകളെയും കുറിച്ചുള്ള അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ ലഘു പുസ്തകം പ്രസിദ്ധീകരിക്കുന്നത്. ഇതിനായി ലളിതമായ ഭാഷയാണ് ഈ ഉപയോഗിച്ചിരിക്കുന്നത്. ഞങ്ങളുടെ ഈ എളിയ സംരംഭം ഫലപ്രാപ്തിയിലെത്തുമെന്ന് വിശ്വസിക്കുന്നു.

ജോസഫ് & ഫിനോജ്

## Preface

This booklet is a humble effort to upsurge the awareness about the profession 'Occupational Therapy' among public, students who are in search for a career related to health care, educators, parents, and educational agencies. Although Occupational therapy is recognized as a distinct value added health care service by many abroad nations, the scenario in India is not in par excellence with other such nations. Presently this profession is not getting adequate recognition among the public, students and policy makers as it deserves. This made us to prepare this booklet. We hope that this booklet will enlighten many minds.

**Joseph & Phinoj**

# വിഷയസൂചിക / Index


| Section | Topic | Page No. |
|---|---|---|
| I | ഒക്കുപ്പേഷണൽ തെറാപ്പി ക്രിയാത്മകമായ ആരോഗ്യപരിചരണ മേഖല (MALAYALAM Article) | 3 |
| II | Occupational Therapy – A Gifted Profession (ENGLISH Article) | 21 |
| III | A Brief Fact Sheet About Occupational Therapy, Its Scope & Current Status in India (English) | 42 |




# SECTION - I

## ഒക്കുപ്പേഷണൽ തെറാപ്പി

## – ക്രിയാത്മകമായ ആരോഗ്യപരിചരണ മേഖല



## INDEX

### ഒക്ക്യുപ്പേഷണൽ തെറാപ്പി - ക്രിയാത്മകമായ ആരോഗ്യപരിചരണ മേഖല


| ക്രമ നം. | വിഷയം | പേജ് നം |
|---|---|---|
| 1 | ആമുഖം | 5 |
| 2 | ഒക്കുപേഷണൽ തെറാപ്പിയുടെ ലഘുചരിത്രം | 6 |
| 3 | ഒക്കുപേഷണൽ തെറാപ്പി റീഹാബിലിറ്റേഷൻ ടീമിൽ | 7 |
| 4 | ഒക്കുപേഷണൽ തെറാപ്പിയുടെ പ്രവർത്തന മേഖലകൾ | 8 |
| 4.1 | ശിശുരോഗ പരിചരണത്തിൽ | 8 |
| | – നവജാത ശിശുപരിചരണം | 8 |
| | – കുട്ടികളിലെ പഠനവൈകല്യം, പെരുമാറ്റ വൈകല്യം. | 9 |
| | – കുട്ടികളിലെ നാഡീരോഗ പരിചരണം. | 10 |
| 4.2 | നാഡീരോഗ പരിചരണത്തിൽ | 10 |
| | – ബൗദ്ധിക പുനഃ പരിശീലനം | 11 |
| | – കായിക ശേഷി പുനഃ പരിശീലനം | 11 |
| 4.3 | അസ്ഥിരോഗ പരിചരണത്തിൽ | 12 |
| 4.4 | മാനസിക ആരോഗ്യ പരിചരണത്തിൽ | 12 |
| 4.5 | എർഗണോമിക്സിൽ | 13 |
| 4.6 | വൃദ്ധജന പരിപാലനത്തിൽ | 13 |
| 4.7 | ഒക്കുപേഷണൽ തെറാപ്പിയുടെ ഇതര പ്രവർത്തന മേഖലകൾ | 14 |
| 5 | ഒക്കുപേഷണൽ തെറാപ്പി ക്രിയാത്മകമായ തൊഴിൽ മേഖല | 14 |
| 6 | ഒക്കുപേഷണൽ തെറാപ്പിയുടെ തൊഴിൽ സാധ്യതകൾ | 19 |

## 1. ഒക്കുപ്പേഷണൽ തെറാപ്പി - ക്രിയാത്മകമായ ആരോഗ്യ പരിചരണമേഖല

ഒക്കുപ്പേഷണൽ തെറാപ്പി താരതമ്യേന നവീനമായ ഒരുചികിത്സാമുറയാണ്. ഈ ചികിത്സാ രീതി ആധുനിക ശരീരശാസ്ത്രത്തിലൂന്നിയാണ് പ്രവർത്തിക്കുന്നത്. ഒരു ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് **(O.T.)** ശാരീരികമോ, മാനസികമോ, വൈകാരികമോ ആയ പ്രശ്നങ്ങൾ ഉള്ള വ്യക്തികളെ അവരുടെ പ്രവർത്തന മേഖലകളിൽ കാര്യക്ഷമമായി വ്യാപരിക്കാൻ സഹായിക്കുന്നു. അതിനാൽ തന്നെ വളരെ യേറെ പ്രവർത്തനസാദ്ധ്യതയുള്ള ഒരു തൊഴിൽ മേഖലയാണിത്. ഈ തൊഴിൽ മേഖലയെക്കുറിച്ചുള്ള ഒരു ലഘുവിവരണമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

### *ഒക്കുപ്പേഷണൽ തെറാപ്പിയെ ഫിസിയോ തെറാപ്പിയിൽനിന്നും വ്യത്യസ്തമാക്കുന്ന പ്രത്യേകത കൾ*

ഇതര ആരോഗ്യ ശാസ്ത്ര മേഖലകളിൽനിന്നും അല്പം വ്യത്യസ്തമായ തത്വത്തിലൂന്നിയാണ് ഒക്കുപ്പേഷണൽ തെറാപ്പി പ്രവർത്തിക്കുന്നത്.

ഒക്കുപ്പേഷണൽ തെറാപ്പിയിലെ "ഒക്കുപ്പേഷൻ" (Occupation) എന്നതുകൊണ്ട് അർത്ഥമാക്കു ന്നത് ഒരു വ്യക്തിയുടെ ദൈനംദിന ജീവിതത്തിലെ ദിനചര്യകളാണ്. അതായത് അയാളുടെ ജോലി, സ്വയം പരിചരണ കൃത്യങ്ങൾ, വിനോദം, വിശ്രമം എന്നിവയാണ്. പ്രായവ്യത്യാസമനുരിച്ച് ഈ ദിനചര്യക ളിൽ മാറ്റം വരാം. ഉദാഹരണത്തിന് ഒരു വ്യക്തിയുടെ ജോലി അദ്ധ്യാപനമോ, എൻജിനീയറിങ്ങോ ആണെന്നിരിക്കട്ടെ, അയാളുടെ സ്വയം പരിചരണ കൃത്യങ്ങൾ എന്നത് തനിയെ ഭക്ഷണം കഴിക്കുക, കുളിക്കുക, ഡ്രസ് മാറ്റുക എന്നിവയെല്ലാമാണ്. 'ജോലി' എന്നത് അദ്ധ്യപകൻ അദ്ധ്യാപകന്റെതായ ജോലിയും എൻജിനിയർ എൻജിനിയറിന്റേതായ ജോലിയും ചെയ്യുക എന്നതാണ്. 'വിനോദം' എന്നത് ആ വ്യക്തി കുടുംബാംഗങ്ങളോടൊന്നിച്ചോ അല്ലെങ്കിൽ തനിച്ചോ ഏർപ്പെടുന്ന "Leisure'' Activity കൾ ആവാം. (ഉദാ: ടിവി കാണുക, സായാഹ്ന നടത്തം, കളികൾ മുതലായവ). എന്നാൽ ഒരു കൊച്ചുകുട്ടിയെ സംബന്ധിച്ചിടത്തോളം അവന്റെ 'തൊഴിലും, വിനോദവും' കളികളിൽ ഏർപ്പെടുക എന്നതു മാത്രമാണ്.

ഒരു വ്യക്തിയുടെ ജീവിത സംതൃപ്തി മേൽപ്പറഞ്ഞ മൂന്നു മേഖലകളിലെ സന്തുലിതാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു. കാരണം ഒരു വ്യക്തിയിലെ ശാരീരികമോ, മാനസികമോ, വൈകാരികമോ ആയ പ്രശ്നങ്ങൾ ആദ്യമായി പ്രതിഫലിക്കുന്നത് ആ വ്യക്തിയുടെ 'തൊഴിൽ, ദിനചര്യകൾ, വിശ്രമം/ വിനോദം' എന്നീ മേഖലകളിലാണ്. ഇത്തരുണത്തിൽ ഈ മൂന്നു മേഖലകളിലെ പ്രശ്നങ്ങൾക്ക് ഫലപ്രദ വും, കാര്യക്ഷമവുമായ പരിഹാരം കണ്ടുപിടിച്ച് അത് ക്രിയാത്മകമായി നടപ്പിലാക്കുക എന്നതാണ് ഒക്കുപേഷണൽ തെറാപ്പികൊണ്ട് ലക്ഷ്യമാക്കുന്നത്.

ഫിസിയോതെറാപ്പി Rehabilitation Teamൽ നിർണ്ണായക പങ്കുവഹിക്കുന്ന മറ്റൊരു വിഭാഗമാണ്. ശാരീരിക വൈകല്യങ്ങളും ചലനശേഷിയിലെ വൈകല്യങ്ങളും ഉള്ളവരെ പരമാവധി ചലനാ ത്മകമാക്കുക എന്നതും ശാരീരിക വേദന അനുഭവിക്കുന്നവർക്ക് Physical modalities (wax therapy, ultra sound etc...) വഴിയായി വേദന സംഹാരത്തിന് വേഗം കൂട്ടുക എന്നതും ഒരു ഫിസിയോതെറാപ്പിസ്റ്റിന്റെ പ്രധാന ധർമ്മങ്ങളാണ്.

## 2. ഒക്കുപേഷണൽ തെറാപ്പിയുടെ ലഘുചരിത്രം

ക്രിയാത്മകമായ തൊഴിലുകളിലൂടെ ശാരീരികവും മാനസികവുമായ ആരോഗ്യം കൈവരിക്കുന്ന രീതി ഗ്രീക്ക് ഫിസിഷ്യൻ Aschlepiades (BC-100) ന്റെ കാലം മുതൽക്കേ നിലനിന്നിരുന്നതായി ചരിത്രത്തിൽ കാണാം. ഗ്രീക്ക് ഫിസിഷ്യനായ ഗാലൻ പറഞ്ഞു "മനുഷ്യന് സന്തോഷപ്രദമായ ജീവിതം ഉണ്ടാകുന്നതിന് പ്രകൃതിദത്തമായ മരുന്നാണ് ഇഷ്ടമുള്ള ഏതെങ്കിലും തൊഴിൽ ചെയ്യുക എന്നത് " .

Maltese Psychiatry യുടെ പിതാവ് എന്ന് അറിയപ്പെടുന്ന Dr.Cheteuti താൻ ജോലി ചെയ്തുകൊണ്ടിരുന്ന മാനസിക ആരോഗ്യ ശുശ്രൂഷാലയത്തിലെ അന്തേവാസികളെ കാർഷിക വൃത്തിയിലും, പൂന്തോട്ട പരിചരണത്തിലും, ഗാർഹികജോലികളിലും, കന്നുകാലി വളർത്തുന്നതിലും, തയ്യൽ പരിശീലനത്തിലും മറ്റ് വിനോദങ്ങളിലും ഏർപ്പെടുത്തിയപ്പോൾ അവരുടെ മാനസീക പിരിമുറുക്കം കുറയുകയും രോഗാവസ്ഥക്ക് ആശ്വാസം ഉണ്ടാവുകയും തൽഫലമായി സാധാരണ നിലയിലേക്ക് വളരെ ഒരു പരിധിവരെ തിരികെ വരുന്നതിന് സഹായകരമാവുകയും ചെയ്തു. തുടർഫലമായി 1851ൽ രോഗികളുടെ രോഗാവസ്ഥക്ക് അനുയോജ്യമായ തൊഴിലിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ചികിത്സാരീതിക്ക് തുടക്കം കുറിച്ചു.(Cassarp;op.eit;P 19).

18ാം നൂറ്റാണ്ടിന്റെ ആദ്യകാലങ്ങളിൽ വരെ മാനസികരോഗികളോട് സമൂഹം ക്രൂരവും മൃഗീയവുമായ രീതിയിലായിരുന്നു പെരുമാറിയിരുന്നത്. ഈ രോഗികളെ വേണ്ടത്ര സൗകര്യങ്ങളോ പരിചരണമോ ഇല്ലാതിരുന്ന Mental Asylum ങ്ങളിൽ ആയിരുന്നു പാർപ്പിച്ചിരുന്നത്. ഈ സമയത്ത് Philippe Pinel (ഫിലിപ്പ് പൈനൽ) എന്ന വ്യക്തി ഈ ആളുകൾക്ക് അവരവരുടെ കഴിവിനനുസരിച്ച് ക്രിയാത്മകമായ തൊഴിലുകളിൽ ഏർപ്പെടാനുള്ള സാഹചര്യം ഒരുക്കിക്കൊടുത്തു. ഇതിന്റെ ഫലം അദ്ഭുതാവഹമായിരുന്നു. ഈ രോഗികളിൽ വളരെപ്പേർ ഫലപ്രദവും കാര്യക്ഷമവുമായ തൊഴിലുകളിൽ വീണ്ടും ഏർപ്പെടാനുള്ള കഴിവ് നേടി. ഇത് ക്രിയാത്മകമായ തൊഴിലുകളിൽ ഏർപ്പെടുന്നതിന്റെ പ്രാധാന്യം ലോകത്തിന് മനസ്സിലാവാൻ ഇടനൽകി.

ക്രമേണ, ഈ നവീന ചികിത്സാരീതി ഇതര ആരോഗ്യ പരിചരണവിഭാഗങ്ങളായ നാഡീരോഗപരിചരണം,ശിശുരോഗ പരിചരണം, അസ്ഥിരോഗ പരിചരണം എന്നീ മേഖലകളിലേക്ക് വ്യാപിച്ചു. പിന്നീട് 1ഉം, 2ഉം ലോകമഹായുദ്ധകാലഘട്ടത്തിൽ ഒക്കുപ്പേഷണൽ തെറാപ്പിയുടെ ആവശ്യകത വീണ്ടും വർദ്ധിക്കാൻ ഇടയായി. ഇതിനുകാരണം യുദ്ധത്തിൽ പരുക്കേറ്റവരെയും അംഗഭംഗം സംഭവിച്ചവരെയും തിരികെ ഫലപ്രദമായ തൊഴിലുകളിൽ ഏർപ്പെടുത്താനുള്ള ഒക്കുപേഷൻ തെറാപ്പിയുടെ പ്രവർത്തന ലക്ഷ്യമായിരുന്നു. ഇതേയവസരത്തിലാണ് ഒക്കുപേഷൻ തെറാപ്പിയുടെ നാഡീരോഗപരിചരണം , തൊഴിൽ പുനരധിവാസിപ്പിക്കൽ എന്നീ മേഖലകളിലെ പ്രവർത്തന സാധ്യതകൾ ലോകം മനസ്സിലാക്കിയത്.

ഒക്കുപ്പേഷണൽ തെറാപ്പി (O.T) യെ ഒരു തൊഴിൽ മേഖലയായി ആദ്യമായി പരിഗണിച്ചത് 1917ലാണ്. ഇന്ന് ഒക്കുപ്പേഷണൽ തെറാപ്പി 76 രാജ്യങ്ങളിൽ, 13ൽ പരം speciality കളിലായി ആധുനിക വൈദ്യശാസ്ത്രത്തോട് ചേർന്ന് പ്രവർത്തിക്കുന്ന ആരോഗ്യ പരിചരണമേഖലയാണ്.

## ഒക്കുപേഷണൽ തെറാപ്പി ഇന്ത്യയിൽ

1853ൽ മദ്രാസ് പൊതുചികിത്സാ കേന്ദ്രങ്ങത്തിലെ മാനസിക ആരോഗ്യവിഭാഗത്തിൽ പതിവായി ഒക്കുപ്പേഷണൽ തെറാപ്പി കെടുത്തിരുന്നതായി അലക്സാണ്ടർ ലോറിമർ 1855-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. (*No.VII. Report on civil dispensaries, for 1853*. Madras. 1855. Report by: Alexander Lorimer).

ഒക്കുപ്പേഷണൽ തെറാപ്പി ഇൻഡ്യയിൽ സജീവമായി പ്രവർത്തനം ആരംഭിച്ചിട്ട് 50 വർഷക്കാലമായി. 1949 –-ൽ Mrs.Kamala V. Nimbkar (Nee Elizabeth Lundy) ഇൻഡ്യയിൽ വന്ന് ബോംബെയിലുള്ള K.E.M Hospital ലിൽ O.T department സ്ഥാപിച്ചു. പിന്നീട് 1950-ൽ Mrs. Kamala Nimbkar-ൻെറ നേതൃത്വത്തിൽ ഇൻഡ്യയിൽ ആദ്യമായി ഒക്കുപ്പേഷണൽ തെറാപ്പി സ്കൂൾ K.E.M-ൽ തുടങ്ങി.

1952 മുതൽ ഇൻഡ്യൻ ഒക്കുപ്പേഷണൽ തെറാപ്പി അസോസിയേൻ (AIOTA) നാണ് ഒക്കുപ്പേഷണൽ തെറാപ്പിയുടെ വിദ്യാഭ്യാസവും പരിശീലനവും നിയന്ത്രിക്കുന്നതും ലൈസൻസ് നൽകുന്നതും. ഇന്ന് ഏകദേശം 20 ഒക്കുപേഷണൽ തെറപ്പി (O.T.) കോളജുകൾ പ്രവർത്തിക്കുന്നു. ഇവിടെനിന്നും ഏകദേശം അയ്യായിരത്തിൽപരം ഒക്കുപേഷണൽ തെറാപ്പിസ്റ്റുകൾ പഠനം പൂർത്തിയാക്കിയെന്നാണ് കണക്കാക്കപ്പെടുന്നത്.

വളരെയധികം പ്രവർത്തന സാധ്യതകളും, ആനുകാലിക പ്രാധാന്യവുമുള്ളതും അതോടപ്പം സമൂഹത്തിലെ വിവിധ തുറകളിലെ ആളുകൾക്ക് വളരെയേറെ പ്രയോജനപ്രദവുമായ ഈ തൊഴിൽ മേഖലയ്ക്ക് അർഹിക്കുന്ന പ്രാധാന്യം ഇന്ത്യയിൽ ലഭിക്കുന്നില്ല. ഇതിന് പ്രധാനകാരണമായി ചൂണ്ടികാണിക്കപ്പെടുന്നത് ഈ തൊഴിൽ മേഖലയെകുറിച്ച് വേണ്ടത്ര അവബോധം സർക്കാർ തലത്തിലും മറ്റ് 'Policy maker'ന്റെ ഇടയിലും ഇല്ലാത്തതാണ്. (ഇന്ത്യയിൽ ഒക്കുപ്പേഷണൽ തെറാപ്പിയുടെ പ്രവർത്തന സാധ്യതകളെയും വെല്ലുവിളികളെയും കുറിച്ച് Englishൽ ഉള്ള ഒരു ലഘു ലേഖനം ഈ പുസ്തകത്തിന്റെ അവസാന ഭാഗത്ത് ചേർത്തിരിക്കുന്നു.)

## 3. ഒക്കുപേഷണൽ തെറാപ്പി റിഹാബിലിറ്റേഷൻ ടീമിൽ

റിഹാബിലിറ്റേഷൻ മെഡിസിൻ എന്നത് ശാരീരിക വൈകല്യങ്ങളോ മാനസികമോ വൈകാരികമോ ആയ പ്രശ്നങ്ങൾ ഉള്ള വ്യക്തികളെ പരമാവധി കാര്യക്ഷമവും ഫലപ്രദവുമായ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്ന് അവരുടെ ജീവിതനിലവാരം ഉയർത്താൻ സഹായിക്കുന്ന വൈദ്യശാസ്ത്രത്തിലെ ഒരു പ്രത്യേക വിഭാഗമാണിത്.

ഇതര വൈദ്യശാസ്ത്ര വിഭാഗങ്ങളെ അപേക്ഷിച്ച് റിഹാബിലിറ്റേഷൻ ഒരു "ടീം വർക്ക്" ആയാണ് നടപ്പിലാക്കാറ്. അതായത് പല റിഹാബിലിറ്റേഷൻ പ്രൊഫഷനുകൾ ചേർന്ന് സംയുക്തമായാണ് രോഗികളെ ചികിത്സിക്കുന്നത്. റിഹാബിലിറ്റേഷൻ ടീമിനെ നയിക്കുന്നത് ഒരു നാഡീരോഗ വിദഗ്ധനോ, മാനസികാരോഗ്യ വിദഗ്ധനോ, ഫിസിയാട്രിസ്റ്റോ, ശിശുരോഗ വിദഗ്ധനോ, അസ്ഥിരോഗവിദഗ്ധനോ ആവാം.

ഒരു റിഹാബിലിറ്റേഷൻ ടീമിലെ അംഗങ്ങൾ താഴെപ്പറയുന്നവർ ആണ്.

1. ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്
2. ഫിസിയോ തെറാപ്പിസ്റ്റ്
3. സ്പീച്ച് തെറാപ്പിസ്റ്റ്
4. പ്രോസ്തറ്റിക് & ഓർത്തോട്ടിക്സ് സ്പെഷലിസ്റ്റ്
5. മനഃശാസ്ത്രജ്ഞൻ
6. സോഷ്യൽ വർക്കർ
7. റിഹാബിലിറ്റേഷൻ നഴ്സ്
8. വൊക്കേഷണൽ കൗൺസിലർ

ഇവിടെ ഒക്യുപേഷണൽ തെറാപിസ്റ്റ് രോഗിക്ക് വ്യക്തിഗതമായ ചികിത്സാ പദ്ധതി തയാറാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.

## 4. ഒക്കുപേഷണൽ തെറാപ്പിയുടെ പ്രവർത്തന മേഖലകൾ

ഒക്കുപേഷണൽ തെറാപ്പി പ്രായഭേദമന്യേ എല്ലാവരിലെയും ആരോഗ്യപ്രശ്നങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നു. ഉദാഹരണത്തിന് നവജാത ശിശുക്കൾ, കുട്ടികൾ, വിദ്യാർത്ഥികൾ, മുതിർന്നവർ, ഉദ്യോഗസ്ഥർ, തൊഴിലാളികൾ, വയോജനങ്ങൾ എന്നിവരുടെ ആരോഗ്യപ്രശ്നങ്ങൾ. ഈ മേഖലകളിലെ OT യുടെ പ്രവർത്തന ലക്ഷ്യങ്ങളുടെ ലഘുവിവരണം ചുവടെ ചേർക്കുന്നു.

### A) ഒക്കുപേഷണൽ തെറാപ്പി ശിശുരോഗ പരിചരണത്തിൽ

ഇന്ത്യയിലെ 0-6 വയസ്സിനിടയിലുള്ള 6.88% കുട്ടികൾക്ക് ശാരീരികമോ, മാനസികമോ, ബൗദ്ധികമോ ആയ പ്രശ്നങ്ങൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. ഇതിനു പുറമേ പലപ്പോഴും മാതാപിതാക്കളുടെയോ വൈദ്യശാസ്ത്ര വിദഗ്ധരുടെയോ ശ്രദ്ധയിൽ പെടാതെ പോകുന്ന പഠനവൈകല്യങ്ങൾ, ഹൈപ്പർ ആക്റ്റിവിറ്റി എന്നിവ ഈ പ്രശ്നത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നു. ഈ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ ഒക്കുപേഷണൽ തെറാപ്പി പോലുള്ള റിഹാബിലിറ്റേഷൻ പ്രൊഫഷണലുകളുടെ സേവനം അത്യന്താപേക്ഷിതമാണ്. മേൽപ്പറഞ്ഞ കുട്ടികളിൽ 5 % പേർ മാത്രമാണ് ഏതെങ്കിലും രീതിയിലുള്ള റിഹാബിലിറ്റേഷൻ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതായി കണക്കാക്കപ്പെടുന്നത്.

#### *i) നവജാത ശിശുപരിചരണം*

ഒരു നവജാത ശിശുവിനെ സംബന്ധിച്ചിടത്തോളം അവന്റെ "തൊഴിൽ" മുലപ്പാൽ കുടിക്കുക എന്നതും തന്റെ ചുറ്റുപാടുകളെ നിരീക്ഷിക്കുക (explore) എന്നതുമാണ്. എന്നാൽ മാസം തികയാതെ പിറക്കുന്ന കുട്ടികൾക്കും ശാരീരിക വൈകല്യങ്ങളോടെ പിറക്കുന്ന കുട്ടികൾക്കും ഈ മേഖലകളിൽ വൈകല്യങ്ങൾ ഉണ്ടാവാം. ഇത്തരത്തിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റുകൾ Oromotor exercise (വായിലെ പേശികൾക്കായുള്ള വ്യായാമ മുറ), multisensory stimulation (പഞ്ചേന്ദ്രിയങ്ങളുടെ ഉദ്ദീപനം) വഴിയായി ആ കുട്ടിയെ അവന്റെ/അവളുടെ തൊഴിൽ പരമാവധി സ്വയംപര്യാപ്തമാകാൻ സഹായിക്കുന്നു.

***ii) കുട്ടികളിലെ പഠനവൈകല്യം, പെരുമാറ്റ വൈകല്യം***

കുട്ടികളിലെ പെരുമാറ്റ വൈകല്യങ്ങളും,പഠനവൈകല്യങ്ങളുമാണ് ഒക്കുപേഷണൽ തെറാപ്പിക ളുടെ മറ്റൊരു പ്രധാന പ്രവർത്തന മേഖല.

ആധുനിക കാലഘട്ടത്തിൽ കുട്ടികളുടെ ഇടയിൽ വളരെയേറെ കണ്ടുവരുന്ന ചില പ്രശ്ന ങ്ങളാണ് ഹൈപ്പർ ആക്റ്റിവിറ്റി (Hyperactivity Disorder), ഓട്ടിസം (Autism), പഠനവൈകല്യം (Learning Disability/Dyslexia) എന്നിവ. ഈ മേഖലയിൽ ഒക്കുപേഷണൽ തെറാപ്പിക്ക് നിർണ്ണായക മായ പങ്കുവഹിക്കാനാകും.

ഉദാഹരണത്തിന് സെൻസറി ഇന്റഗ്രേഷൻ (Sensory Integration) (പഞ്ചേന്ദ്രിയങ്ങളെ ഉദ്ദീപിപ്പിച്ചും, ഏകോപിപ്പിച്ചും ശരിയായ പ്രതികരണശേഷിയും, പെരുമാറ്റ രീതിയും വളർത്തിയെടു ക്കാൻ സഹായിക്കുന്ന ചികിത്സാരീതി) വഴിയായി ഈ കുട്ടികളെ ഒരു പരിധിവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ ഒക്കുപേഷണൽ തെറാപ്പിക്ക് കഴിയുമെന്നു ശാസ്ത്രീയമായി തെളിയിക്ക പ്പെട്ടിട്ടുള്ളതാണ്.

ഇങ്ങനെയുള്ള കുട്ടികൾക്ക് മിക്കപ്പോഴും മികച്ച ബൗദ്ധികശേഷി ഉണ്ടായിരിക്കും. ഈ പ്രശ്ന ങ്ങളുടെ കൃത്യമായ കാരണം അറിവില്ലെങ്കിലും ആധുനിക ജീവിതശൈലികളിൽ വന്ന മാറ്റങ്ങൾ ആവാം ഇവയ്ക്ക് മുഖ്യ കാരണമെന്നാണ് മാനസികാരോഗ്യ വിദഗ്ധൻമാർ അഭിപ്രായപ്പെടുന്നത്.

ആധുനിക കാലത്തിലെ അണുകുടുംബ ജീവിതശൈലി മൂലം മാതാപിതാക്കൾക്ക് കുട്ടിക ളോടൊന്നിച്ച് വേണ്ടത്ര സംവദിക്കാനോ സമയം പങ്കിടാനോ അവസരം കിട്ടാതെ വരുന്നു. ഇങ്ങനെ യുള്ള കുട്ടികളിലാണ് ഈ പ്രശ്നങ്ങൾ പ്രധാനമായും കണ്ടുവരുന്നത്. മാത്രമല്ല ഇത്തരം കുടുംബങ്ങ ളിലെ കുട്ടികളിലെ പ്രശ്നങ്ങൾ വളരെ താമസിച്ച് മാത്രമേ മാതാപിതാക്കളുടെ ശ്രദ്ധയിൽ പെടാറുള്ളൂ. തന്മൂലം ഈ വൈകല്യങ്ങൾക്കു പരിഹാരം തേടുന്നതിൽ താമസം നേരിടുന്നു.

ഇത്തരം കുട്ടികളെ ഒക്കുപേഷണൽ തെറാപ്പിയിലുള്ള Play Therapy (കളികളിലൂടെയുള്ള ചികി ത്സ) Sensory Integration, Behavioural Therapy, Recreational activities എന്നീ നൂതന മുറ കൾ വഴിയായി ഈ പ്രശ്നങ്ങളിൽനിന്നും പൂർണ്ണമായോ ഭാഗികമായോ ഈ കുട്ടികളെ സാധാരണ ജീവിതശൈലിയിലേക്ക് വലിയ ഒരു പങ്ക് വരെ തിരികെ കൊണ്ടുവരാനാകും.

ഒന്നാം ക്ലാസുകാരനായ ആൽവിനെ സ്കൂളിൽ തുടരാൻ അനുവദിക്കില്ലെന്ന് പറഞ്ഞാണ് ഹെഡ്മാസ്റ്റർ മാതാപിതാക്കളെ വിളിപ്പിച്ചത്. ആൽവിന്റെ അതിരുവിട്ട കുറുമ്പുകൾ കാരണം മുമ്പ് ഒരു പാട് തവണ അവർ ആ "ഹോട്ട് സീറ്റിൽ" ഇരുന്നിട്ടുണ്ട്. പഠിപ്പിക്കുന്നതൊന്നും ശ്രദ്ധിക്കുന്നില്ല, ബോർഡിൽ എഴുതുന്നതുപോലും ശരിയായി നോട്ട്ബുക്കിൽ പകർത്തിയെഴുതുന്നില്ല, സഹപാഠികളെ ആക്രമിക്കുന്നു ഇങ്ങനെ ആൽവിന് ഇല്ലാത്ത കുറ്റങ്ങളില്ലായിരുന്നു.

കുട്ടിക്ക് പഠനവൈകല്യമുണ്ടെന്ന ക്ലാസ് ടീച്ചറുടെ സംശയത്തിന് അച്ഛനമ്മമാരുടെ മറുപടി ഇതായിരുന്നു. ഞങ്ങളുടെ വീട്ടിൽ എല്ലാവരും നല്ല നിലയിലുള്ളവരാണ്. അവന് ഒരു കുറവും വരുത്തി യിട്ടില്ല. പിന്നെ എങ്ങനെയാണ് ബുദ്ധിക്കുറവ് ഉണ്ടാകുന്നത്? അവരുടെ തെറ്റിദ്ധാരണ മാറ്റി കുട്ടിയെ

ഒരു മാനസികാരോഗ്യ വിദഗ്ധനെയും, ഒക്കുപേഷൻ തെറാപ്പിസ്റ്റിനെയും കാണിക്കാൻ അദ്ധ്യാപികയ്ക്ക് ശരിക്കും പാടുപെടേണ്ടിവന്നു.

ഒക്കുപ്പേഷണൽ തെറാപ്പിക്കു ശേഷം ആൽവിൻ പഠനത്തിൽ ശ്രദ്ധിക്കുന്നുണ്ടെന്നു പറയുമ്പോൾ മാതാപിതാക്കളുടെ മുഖത്ത് ആശ്വാസം വിടരുന്നു.

### ***iii) കുട്ടികളിലെ നാഡീരോഗ പരിചരണം.***

നാഡീസംബന്ധമായ പ്രശ്നങ്ങൾ ഉള്ള നവജാതശിശുക്കൾ, മുതിർന്ന കുട്ടികൾ എന്നിവരിലെ ശാരീരിക വളർച്ചാ വൈകല്യങ്ങൾ പരിഹരിച്ച് അവരെ തങ്ങളുടെ ദൈനംദിനകൃത്യങ്ങളിൽ പരമാവധി സ്വയം പര്യാപ്തരാവാൻ ഒക്കുപേഷണൽ തെറാപിസ്റ്റ് സഹായിക്കുന്നു. ഈ കുട്ടികളിലെ ഭക്ഷണം കഴിക്കുന്നതിനുള്ള പ്രയാസം, ശാരീരിക വൈകല്യങ്ങളും ചലനശേഷിയിലെ വൈകല്യങ്ങളും, പേന/പെൻസിൽ എന്നിങ്ങനെ സൂക്ഷ്മമായി ഉപയോഗിക്കേണ്ട ഉപകരണങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനുള്ള പ്രയാസം എന്നിവ തരണം ചെയ്യുന്നതിനാവശ്യമായ പരിശീലനം നൽകുന്നു. ഇതിനുപുറമേ ഇത്തരം കുട്ടികളെ തങ്ങളുടെ സ്കൂളിലും വീട്ടിലും സ്വതന്ത്രമായി വ്യാപരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.

## B) ഒക്കുപ്പേഷണൽ തെറാപ്പി നാഡീരോഗ പരിചരണത്തിൽ (ന്യൂറോ റിഹാബിലിറ്റേഷൻ, Neuro Rehabilitation)

പക്ഷാഘാതം (Stroke), തലച്ചോറിനേൽക്കുന്ന പരിക്ക് (Head injury), നാഡീവ്യൂഹത്തിലെ തളർച്ച എന്നിവ ഒരു വ്യക്തിയേയും അയാളുടെ കുടുംബത്തിനെയും ഏൽപ്പിക്കുന്ന ആഘാതം വളരെ വലുതാണ്. ഈ രോഗങ്ങൾ മൂലം ഒരു വ്യക്തിയുടെ ജോലി ചെയ്യുവാനുള്ള കഴിവ് കുറയുന്നു, സാമ്പത്തിക ബാദ്ധ്യത കൂടുന്നു, രോഗീപരിചരണ ചിലവുകൾ ഗണ്യമായി വർദ്ധിക്കുന്നു.

ഇതിനെല്ലാം ഉപരിയായി ഈ രോഗങ്ങൾ ആ വ്യക്തിയിലുണ്ടാക്കുന്ന ബൗദ്ധികവും, മാനസികവും, വൈകാരികവുമായ പ്രശ്നങ്ങൾ ആ വ്യക്തിയുടെ കുടുംബത്തെയും ബന്ധുക്കളെയും സാരമായി ബാധിക്കുന്നു

ഒക്കുപ്പേഷണൽ തെറാപ്പിയിലെ ചികിത്സകളെല്ലാം ഒരു വ്യക്തിയുടെ "തൊഴിൽ" കേന്ദ്രീകരിച്ചുള്ളതായിരിക്കും. ഇതാണ് ഒക്കുപ്പേഷണൽ തെറാപ്പിയെ ഇതര Health Care Profession നിൽ നിന്നും വ്യത്യസ്തമാക്കുന്ന പ്രധാന ഘടകം.

ഉദാരണത്തിന് വാഹനാപകടത്തിലോ അല്ലെങ്കിൽ പക്ഷാഘാതംമൂലമോ മറ്റോ തലച്ചോറിന് പരുക്കേറ്റ് ഒരു വ്യക്തിക്ക് ചിലപ്പോൾ അയാളുടെ ചലനശേഷി, സംസാരശേഷി, അയാൾ ആയിരുന്ന തൊഴിൽ വീണ്ടും ചെയ്യുവാനുള്ള ശേഷി, ചിന്താശേഷി എന്നിവയെല്ലാം പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ടേക്കാം. ഈ സാഹചര്യത്തിൽ ഒക്കുപ്പേഷണൽ തെറാപ്പിയുടെ പ്രവർത്തനരീതി വൈവിധ്യമാർന്നതാണ്. അവയിൽ ചിലത് ചുവടെ ചേർക്കുന്നു,

## *i) ബൗദ്ധിക പുനഃപരിശീലനം (Cognitive Rehabilitation)*

ഒക്കുപേഷണൽ തെറാപ്പിസ്റ്റ് മേൽപറഞ്ഞ വ്യക്തികളിലെ ചിന്താശേഷി, കാര്യങ്ങൾ അപഗ്രഥിക്കാനുള്ള കഴിവ്, ഓർമ്മശക്തി, ജോലിയിലുള്ള താൽപര്യം എന്നിവയെ പുനഃപരിശീലിപ്പിക്കുന്നു. ഈ മേഖല ഒക്കുപേഷണൽ തെറാപ്പിയെ ഇതര Allied Health Science വിഭാഗങ്ങളിൽ നിന്നു തികച്ചും വേർതിരിക്കുന്ന ഒരു ഘടകമാണ്.

Electrical & Electronics എൻജിനീയറായ രേവതി ഒരു ബൈക്ക് അപകടത്തിനു ശേഷം ഉണ്ടായ ഓർമ്മക്കുറവിന് ചികിത്സ തേടിയാണ് ഒക്കുപേഷണൽ തെറാപ്പിസ്റ്റിനെ സമീപിച്ചത്. ഈ അപകടം മൂലം രേവതിക്ക് തന്റെ ജോലിയിൽ തിരികെ പ്രവേശിക്കാനോ, ദൈനംദിനചര്യകൾ വേണ്ടവിധം ഓർമ്മിച്ചെടുത്ത് ചെയ്യുവാനോ കാര്യക്ഷമമായി സംസാരിക്കാനോ കഴിയാതെ വന്നു. ഈ പ്രശ്നങ്ങൾ രേവതിയുടെ ആത്മവിശ്വാസത്തിന് സാരമായ മങ്ങലേൽപ്പിച്ചു. OT evaluationൽ രേവതിക്ക് ഓർമ്മക്കുറവ്, വിഷാദം, നിസ്സംഗതാ മനോഭാവം, വർദ്ധിച്ച കോപം, എന്നിവയുണ്ടെന്നു മനസ്സിലായി.

ഇതിനെ തുടർന്ന് ഒക്കുപേഷണൽ തെറാപ്പിസ്റ്റ് രേവതിക്ക് Memory Games, Cognitive Retraining, Connitive behaviour traning എന്നീ ആക്റ്റിവിറ്റികൾ വഴിയായി പരിശീലനം നൽകാൻ ആരംഭിച്ചു. ദൈനംദിന കൃത്യങ്ങൾ കൃത്യമായി ചെയ്യാൻ "Activity Schedule'' തയ്യാറാക്കി നൽകി. അതോടൊപ്പം രേവതിയെപ്പോലുള്ള മറ്റു വ്യക്തികൾ എങ്ങനെ ഇത്തരം സാഹചര്യങ്ങളെ മറികടന്നു എന്നു പല പുസ്തകങ്ങളിലൂടെയും വീഡിയോകളിലൂടെയും മനസ്സിലാക്കിക്കൊടുത്തു. ക്രമേണ രേവതിക്ക് തന്റെ ഓർമ്മശക്തി വർദ്ധിക്കുന്നതായി അനുഭവപ്പെട്ടു. അതോടൊപ്പം രേവതിക്ക് തന്റെ ജോലിയിലുള്ള ആത്മവിശ്വാസം വർദ്ധിച്ചു. ഇന്ന് രേവതി പഴയതുപോലെ തന്റെ ജോലി കാര്യക്ഷമമായി ചെയ്തുവരുന്നു.

## *ii. കായികശേഷി പുനഃപരിശീലനം (Neuro Motor Rehabilitation)*

ഇവിടെ ഒക്കുപേഷണൽ തെറാപ്പിസ്റ്റ് ആ വ്യക്തിക്ക് അദ്ദേഹത്തിന്റെ ജോലി, ദിനചര്യകൾ, വിനോദങ്ങൾ മുതലായവയിൽ ഏർപ്പെടാൻ തടസ്സമായി നിൽക്കുന്ന ശാരീരിക വൈകല്യങ്ങൾ കണ്ടെത്തുന്നു. അതിനു ശേഷം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതും നവീനവുമായ വ്യായാമമുറകൾ വഴി പരിഹാരം കാണാൻ ശ്രമിക്കുന്നു.

നഗരത്തിലെ പ്രശസ്തനായ ന്യൂറോ ഫിസിഷ്യൻ ആയിരുന്ന ഡോ. വിഘ്നേഷ്. പക്ഷാഘാതം മൂലം അദ്ദേഹത്തിന് തന്റെ വലതുകൈകാലുകൾക്ക് തളർച്ച ഉണ്ടായി. ബുദ്ധിശക്തിയിൽ യാതൊരു പ്രശ്നവും ഇല്ലാതിരുന്ന അദ്ദേഹത്തിന് വലതുകൈ ഉപയോഗിച്ച് എഴുതാനോ, ദൈനംദിന കൃത്യങ്ങൾ തന്നെത്താൻ ചെയ്യുവാനോ, സാധാരണഗതിയിൽ നടക്കുവാനോ സാധ്യമാവാതെ വന്നു. ഈ അവസരത്തിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റ് അദ്ദേഹത്തിന് ഇടതുകൈ ഉപയോഗിച്ച് എഴുതുന്നതിനുള്ള പരിശീലനം, അദ്ദേഹത്തിന്റെ വീട്ടിലെ ടോയ്‌ലറ്റും ബെഡ്‌റൂമും മറ്റും സുഖമമായി ഉപയോഗിക്കുന്നതിനാവശ്യമായ മാറ്റങ്ങളും (Environment Modification) നിർദ്ദേശിച്ചു. തൽഫലമായി ഡോ. വിഘ്നേഷ് തന്റെ ഇടതുകൈ ഉപയോഗിച്ച് എഴുതാനും ദൈനംദിനചര്യകൾ സ്വന്തമായി ചെയ്യാനും ശീലിച്ചു. അദ്ദേഹം ഇന്ന് തന്റെ ജോലിയിൽ പഴയതുപോലെ കർമ്മനിരതനാണ്.

## C ഒക്കുപേഷണൽ തെറാപ്പി അസ്ഥിരോഗ പരിചരണത്തിൽ

അസ്ഥിരോഗങ്ങളിലും (ഉദാ: ഒടിവുകൾ, Frozen shoulder മുതലായവ) അവയ്ക്കായുള്ള ശസ്ത്രക്രിയകൾക്കു ശേഷവും ഒരു വ്യക്തിയെ പരമാവധി സ്വയംപര്യാപ്തമാക്കാനും, ജീവിതനില വാരം ഉയർത്താനും ഒക്കുപേഷണൽ തെറാപ്പി അത്യന്താപേക്ഷിതമാണ്.

ഉദാഹരണത്തിന് ആക്സിഡന്റിലോ മറ്റോ കൈകൾക്ക് സാരമായ പരിക്ക് ബാധിച്ച ഒരാൾക്ക്, ഫലപ്രദമായ രീതിയിൽ തന്റെ കൈകൾ ദൈനംദിന കൃത്യങ്ങൾക്കും മറ്റു ജോലികൾക്കു മായി ഉപയോഗിക്കാൻ സാധിക്കാതെ വരും. ഇവിടെ ഒക്കുപേഷണൽ തെറാപ്പിസ്റ്റിന് Gross Motor & Fine Motor hand function training (കൈകളുടെ സൂക്ഷ്മമായ ഉപയോഗം പരിശീലിപ്പിക്കാനുള്ള വ്യായാമങ്ങൾ) വഴിയായി ആ വ്യക്തിയെ തന്റെ പൂർവ്വസ്ഥിതിയിൽ എത്തിക്കാൻ ഒക്കുപേഷണൽ തെറാപ്പിസ്റ്റ് സഹായിക്കുന്നു.

മധ്യ വയസ്സകരിൽ, പ്രത്യേകിച്ച് സ്ത്രീകളിൽ കണ്ടുവരാറുള്ള ഒരു പ്രശ്നമാണ് Frozen sholder / periarthritis (തോൾ വേദന). ഇതുമൂലം, ഒരു വ്യക്തിക്ക് തന്റെ കൈ തലക്കുമീതെ ഉയർത്താനോ, ശരീരത്തിന്റെ പുറകിലേക്ക് കൊണ്ടു പോകാനോ സാധിക്കാത്തവിധം അസഹ്യമായ വേദന ഉളവാകുന്നു. ഇതിനു പുറമെ ഈ രോഗം ആ വ്യക്തിയുടെ ദൈനംദിനകൃത്യങ്ങളിൽ സുഖ മായി ഏർപ്പെടാൻ തടസ്സമാകുന്നു. ഇവിടെ ഒക്കുപേഷണൽ തെറാപിസ്റ്റ് വ്യസ്തങ്ങളായ ആക്റ്റിവിറ്റി കൾ വ്യായാമമുറകളോട് കോർത്തിണക്കി ആ വ്യക്തിക്കു നൽകുന്നു. അങ്ങിനെ ആ വ്യക്തിയെ തന്റെ ജോലികളിൽ കാര്യക്ഷമനാകുന്നു.

## (D) ഒക്കുപേഷണൽ തെറാപ്പി മാനസിക ആരോഗ്യ പരിചരണത്തിൽ

ഇതര റിഹാബിലിറ്റേഷൻ പ്രൊഫഷനുകളിൽനിന്നും ഒക്കുപേഷണൽ തെറാപ്പിയെ വേർതിരി ച്ചിരിക്കുന്ന മറ്റൊരു മേഖലയാണ് മാനസിക ആരോഗ്യപരിചരണം. ഒക്കുപേഷണൽ തെറാപ്പി ആദ്യ മായി ആരംഭിച്ചതും ഈ മേഖലയിലാണ്.

നമുക്കറിയാവുന്നതുപോലെ മാനസിക ആരോഗ്യപ്രശ്നങ്ങളുടെ വ്യക്തമായ പ്രതിഫലനം ഒരു വ്യക്തിയുടെ "തൊഴിൽ" (ജോലി, സ്വയം പരിചരണം, വിനോദം) മേഖലയിലാണ് ആദ്യമായി പ്രത്യ ക്ഷമാവാറ്. മാനസികാരോഗ്യ പ്രശ്നങ്ങൾ പല വ്യക്തികളുടെയും 'തൊഴിലിൽ" ഉള്ള കാര്യക്ഷമത ഗണ്യ മായി കുറയ്ക്കുന്നു.

ഇതിനു പ്രധാന കാരണം ആ വ്യക്തിയുടെ "തൊഴിലിലുള്ള" താൽപര്യം, ഏകാഗ്രത, യുക്തിബോധം എന്നിവയിലുള്ള വ്യതിയാനങ്ങളാണ്. ഇവിടെ ഒക്കുപേഷണൽ തെറാപ്പിസ്റ്റ് ആ വ്യക്തി യുടെ കഴിവിനും താത്പര്യത്തിനും അനുസരിച്ചുള്ള "തൊഴിലുകളിൽ" ഏർപ്പെടുത്തി, അവരുടെ ഏകാഗ്രതയും താൽപര്യവും, ജോലിചെയ്യാൻ ആവശ്യമായ മറ്റു കഴിവുകളും വളർത്തിയെടുത്ത് ആ വ്യക്തിയെ ക്രമേണ സാധാരണ ജീവിതത്തിലേക്ക് തിരികെ വരാൻ സഹായിക്കുന്നു.

## E. ഒക്കുപേഷണൽ തെറാപ്പി എർഗണോമിക്സിൽ (Ergonomics)

എർഗോണോമിക്സ് എന്നത് ഒരു വ്യക്തിയും അയാളുടെ ജോലിയും തമ്മിലുള്ള ബന്ധം ആരോഗ്യപരമാണോ എന്നു പരിശോധിച്ച് അവയിലെ പ്രശ്നങ്ങൾ കണ്ടുപിടിച്ച് പരിഹാരം നിർദ്ദേശിക്കുന്ന ശാസ്ത്രശാഖയാണ്. ഒരു വ്യക്തിയുടെ ജോലിയും അയാളുടെ ശാരീരികവും മാനസികവുമായ ആരോഗ്യവും തമ്മിൽ സുഗമമായ ബന്ധം നിലനിൽക്കുന്നില്ലെങ്കിൽ അത് ആ വ്യക്തിയുടെ ജോലിയിലെ കാര്യക്ഷമത ഗണ്യമായി കുറയ്ക്കാൻ ഇടയാക്കും.

നടുവേദനയോ, കഴുത്തുവേദനയോ മൂലം ജോലിയിലും, ദിനചര്യകളിലും ചിലപ്പോഴെങ്കിലും പ്രയാസമനുഭവിക്കാത്തവർ നമ്മുടെ ഇടയിൽ വിരളമാണ്. ഇതിൽ 70 ശതമാനത്തോളം നടുവുവേദനയും നാം തെറ്റായ രീതിയിൽ നിൽക്കുന്നതോ നടക്കുന്നതോ ഇരിക്കുന്നതോ കൊണ്ടാണെന്ന് നമ്മിൽ പലർക്കും അറിവില്ലാത്തതോ അല്ലെങ്കിൽ ശ്രദ്ധിക്കാത്തതോ ആയ കാര്യമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ നാം തെറ്റായ രീതിയിൽ 'തൊഴിലിൽ"(Occupation) വ്യാപരിക്കുന്നതിനാലാണ്.

ഉദാരണത്തിന് ഒരു സോഫ്റ്റ്‌വെയർ എൻജിനീയർ തുടർച്ചയായി ഇരുന്നുകൊണ്ട് ഏകദേശം 8-10 മണിക്കൂർ ജോലി ചെയ്യുമ്പോൾ ആ വ്യക്തി ഇരിക്കുന്ന വിധം, കംപ്യൂട്ടർ മോണിട്ടറിന്റെ ഉയരം, വലിപ്പം, കീബോർഡിന്റെ ആകൃതി, മൗസിന്റെ വലിപ്പം, സ്ഥാനം, മറ്റ് ജോലി സാഹചര്യങ്ങൾ എല്ലാം ആ വ്യക്തിയുടെ ആരോഗ്യപരവും, കാര്യക്ഷമവുമായ പ്രവർത്തനത്തെ നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങളാണ്.

ഇവിടെ ഒക്കുപേഷണൽ തെറാപ്പിസ്റ്റ് ആ വ്യക്തിയുടെ പ്രശ്ന സാധ്യതയുള്ള പ്രവർത്തന മേഖലകളും, സാഹചര്യങ്ങളും കണ്ടെത്തി അവയ്ക്ക് തക്കതായ പരിഹാരം നിർദ്ദേശിക്കുന്നു. അങ്ങനെ ആ വ്യക്തിക്ക് സുഗമമായും സുരക്ഷിതമായും "തൊഴിൽ" ചെയ്യാനുള്ള സാഹചര്യം ഉറപ്പുവരുത്തുന്നു.

വിദേശനാടുകളിൽ ഒക്കുപേഷണൽ തെറാപ്പിക്ക് ഏറെ പ്രചാരം ലഭിച്ചിരിക്കുന്ന നവീനമായ പ്രവർത്തന മേഖലയാണിത്. ഇന്ത്യയിൽ പ്രവർത്തിക്കുന്ന ചില രാജ്യാന്തര കമ്പനികളും അന്താരാഷ്ട്ര കമ്പനികളും ഇപ്പോൾ ഈ സേവനം തേടാറുണ്ട്

## (F) ഒക്കുപേഷണൽ തെറാപ്പി വൃദ്ധജന പരിപാലനത്തിൽ

വൃദ്ധജനങ്ങളിൽ സാധാരണയായി കണ്ടുവരാറുള്ള പ്രശ്നമാണ് ഓർമ്മക്കുറവ്. (Dementia). ഇതുമൂലം പ്രായമായവർ പലവിധത്തിലുള്ള അപകടങ്ങളിൽ അകപ്പെടാറുണ്ട്. എല്ലാറ്റിലും ഉപരിയായി ആ വ്യക്തിയുടെ വ്യക്തിബന്ധങ്ങളിൽ പ്രയാസങ്ങൾ നേരിടുന്നു. ഈ സാഹചര്യത്തിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റ് ആ വ്യക്തിക്ക് ബൗദ്ധിക പുനഃ പരിശീലനത്തിലൂടെയും (Cognitive rehabilitation), പരിസ്ഥിതി ക്രമീകരണം (Environmental modification), Family Counciling എിവയിലൂടെ ഈ പ്രയാസങ്ങളിൽനിന്നും മുക്തി നേടാൻ സഹായിക്കുന്നു.

ഇതുപോലെ വൃദ്ധജനങ്ങളിലെ വീഴ്ചകളും മറ്റും തടയാൻ Physical conditioning Exercises വഴിയായി വലിയൊരു പരിധിവരെ കുറയ്ക്കാൻ ഒക്കുപേഷണൽ തെറാപ്പിസ്റ്റിനാകും എന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

## (G) ഒക്കുപേഷണൽ തെറാപ്പിയുടെ ഇതര പ്രവർത്തന മേഖലകൾ

മേൽപ്പറഞ്ഞ മേഖലകൾക്കു പുറമേ ഒക്കുപേഷൽ തെറാപ്പിസ്റ്റ് മറ്റു പല മേഖലകളിലും പ്രവർത്തിക്കാറുമുണ്ട്. അവയിൽ ചില മേഖലകൾ ചുവടെ ചേർക്കുന്നു.

- **Splinting** (ശസ്ത്രക്രിയകൾക്ക് ശേഷവും വാതരോഗങ്ങളിലും കൈകൾക്കുണ്ടാകുന്ന തളർച്ച കളിലും മറ്റും ശരീരഭാഗത്തെ ശരിയായ രീതിയിൽ പൊസിഷൻ ചെയ്യാൻ ഉപകരിക്കുന്ന ഉപാധി) ഒക്കുപേഷണൽ തെറാപ്പിസ്റ്റിയിലെ മറ്റൊരു സവിശേഷമായ speciality ആണിത്.
- വീൽചെയർ(Wheel chair), walking stick, ക്രച്ചസ് (Crutches) എന്നിവ ഓരോ വ്യക്തിക്കും അവരുടെ ശാരീരിക ക്ഷമത, തൊഴിലിലെ ആവശ്യകത എന്നിവ മനസ്സിലാക്കി ശാസ്ത്രീയമായി നിർദ്ദേശിക്കുന്നത് ഒക്കുപേഷണൽ തെറാപ്പിസ്റ്റാണ്.
- **Hand rehabilitation**
- **Special school** കളിൽ പ്രവർത്തിക്കുന്നു.
- വിലാംഗർക്ക് പ്രയാസരഹിതമായി ഉപയോഗിക്കാവുന്ന രീതിയിൽ കെട്ടിടങ്ങളും മറ്റും രൂപകൽപന ചെയ്യുക (Barrier free environment designing for disabled)
- **Early Intervention:** നവജാത ശിശുക്കൾക്ക് വരാൻ സാധ്യതയുള്ള രോഗങ്ങളുടെ/ പ്രശ്നങ്ങളുടെ നിർണ്ണയം

## 5. ഒക്കുപേഷണൽ തെറാപ്പി ഒരു ക്രിയാത്മകമായ തൊഴിൽ മേഖല

ഒക്കുപേഷണൽ തെറാപ്പിസ്റ്റ് തങ്ങളുടെ ചികിത്സാ സഹായം തേടിവരുന്നവർക്ക് അവരുടെ ജോലിയിലും മറ്റ് ദൈനംദിന കൃത്യങ്ങളിലും പരമാവധി സ്വയം പര്യാപ്തമാവാൻ സഹായിക്കുന്നു. എല്ലാ പ്രായത്തിലുള്ള വ്യക്തികളും ഒക്കുപേഷണൽ തെറാപ്പിസ്റ്റിന്റെ പരിചരണം തേടാറുണ്ട്.

***ഒക്കുപേഷണൽ തെറാപ്പിയുടെ തനതായ പ്രത്യേകതകൾ***

- ഇത് ആധുനിക ശാരീരിക ശാസ്ത്രത്തിലും മനഃശാസ്ത്രത്തിലും ഊന്നിയാണ് പ്രവർത്തിക്കുന്നത്.
- വളരെയേറെ വൈവിദ്ധമാർന്ന പ്രവർത്തന മേഖലകൾ ഉള്ള ഒരു പ്രൊഫഷൻ ആണ്.
- ഇന്ത്യയിലും വിദേശത്തും വളരെയേറെ തൊഴിൽ സാധ്യതയുള്ള ഒരു തൊഴിൽ മേഖലയാണിത്.
- ഒക്കുപേഷണൽ തെറാപ്പി (OT) ബിരുദത്തിനുശേഷം നൂതനവും, വ്യത്യസ്ഥവുമായ മേഘലകളിൽ (ഏകദേശം 13ൽ പരം specialityകളിലായി) തുടർന്നു പഠിക്കാനും, ജോലി ചെയ്യാനും അവസരം ലഭിക്കുന്നു.
- ക്രിയാത്മകതയുള്ളവർക്കുള്ള ഒരു ക്രിയാത്മകമായ പ്രൊഫഷനാണിത്.

## 5.1 ഒക്കുപേഷണൽ തെറാപ്പി (OT) വിദ്യാഭ്യാസം

ഇന്ത്യയിൽ ഒക്കുപേഷണൽ തെറാപ്പി (OT) ബിരുദം (BOT), ബിരുദാനന്തര ബിരുദം(MOT), പിഎച്ച്ഡി. (Ph.D - OT) കോഴ്സുകൾ എന്നിവ ലഭ്യമാണ്.

**കോഴ്സ് കാലയളവ്**

| Si No | Course | Mode | Duration |
|---|---|---|---|
| 1 | Bachelor of Occupational Therapy (BOT) | Regular | 4½ years |
| 2 | Post graduate diploma in OT (PGDROT) | Regular | 1 year |
| 3 | Masters of Occupational Therapy (MOT) | Regular | 2 - 3 years |
| 4 | Ph.D. | Regular | 3 years |
| | | Part time | 5 years |

## ഒക്കുപേഷണൽ തെറാപ്പി ബിരുദം, Bachelor of Occupational Therapy (BOT)

***യോഗ്യത***

Pass in +2/HSC with PCB (Physics, Chemistry & Biology). PCB യിൽ 50% മാർക്ക് (ചില യൂണിവേഴ്സിറ്റികളിൽ 45% ഉം മറ്റുചിലതിൽ 60% മാർക്കും വേണം)

***തിയറി (THEORY)***

ആദ്യത്തെ രണ്ടു വർഷം ശരീര ശാസ്ത്രത്തിലെ അടിസ്ഥാനപരമായ വിഷയങ്ങൾ പഠിക്കുന്നു. (ഉദാ: Anatomy, Physiology, General medicine , Pathology, Microbiology, Psychology , Neurology , Orthopedics, Psychiatry) തുടർന്നുള്ള രണ്ടു വർഷങ്ങളിൽ ഒക്കുപേഷണൽ തെറാപ്പി ചികിത്സാരീതി വിവിധങ്ങളായ ശാരീരിക, മാനസിക, വൈകാരിക പ്രശ്നങ്ങളിൽ എങ്ങനെ പ്രാവർത്തികമാക്കാം എന്നു പഠിപ്പിക്കുന്നു.

***പ്രാക്റ്റിക്കൽ (Practical)***

BOT യിലെ അവസാന 3 വർഷങ്ങളിൽ വദ്യർത്ഥികൾക്ക് അതാതു വർഷത്തെ പാഠ്യാവലിക്കനുസൃതമായി പ്രായോഗിക പരിശീലനം ഒരു മുതിർന്ന OT യുടെ കീഴിൽ നൽകുന്നു. തുടർന്ന് ആറു മാസം ഇന്റേൺഷിപ്പ് ഉണ്ട് ഈ സമയത്ത് ഒരു OT വിദ്യാർത്ഥിക്ക് ഒരു മുതിർന്ന OT യുടെ കീഴിൽ പ്രവർത്തിച്ച് പരിചയം നേടാൻ അവസരം ലഭിക്കുന്നു.

## 5.2. ഉപരിപഠനം ഒക്കുപേഷണൽ തെറാപ്പിയിൽ

ബിരുദത്തിനു ശേഷം വൈവിദ്ധ്യവും നൂതനവും വളരെയേറെ തൊഴിൽ സാദ്ധ്യതകളുമുള്ള മേഘലകളിൽ തുടർ പഠനം നടത്താൻ അവസരമുണ്ട്. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.




## A) ബിരുദാനന്ത ബിരുദം (Post Graduation - MOT)

രണ്ട് വർഷം ദൈർഘ്യം ഉള്ള ഈ കോഴ്സിൽ താഴെ കൊടുത്തിരിക്കുന്ന specializations ഇന്ത്യയിലുണ്ട്.

- MOT in Neuro Science
- MOT in Musculoskeletal Disorders
- MOT in Development Disabilities
- MOT in Mental Health
- MOT in Hand therapy
- MOT in Rehabilitation
- MOT in Community Based Rehabilitation (CBR)

ബിരുദാനന്തരബിരുദ പഠനത്തിലൂടെ ഒക്കുപേഷണൽ തെറാപ്പിസ്റ്റ് നൂതനമായ ചികിൽസാരീതികളിലും, അസ്സസ്സ്മെന്റിലും, ഗവേഷണത്തിലും പ്രാവീണ്യം നേടുന്നു.

## B) Post Graduate Diploma in OT Rehabilitation (PGDR – OT)

ഇത് ഒരു വർഷം ദൈർഘ്യമുള്ള കോഴ്സാണ്. ഈ കോഴ്സിൽ പ്രധാനമായും OT നൂതനമായ ചികിൽസാരീതികളിലും, അസ്സസ്സ്മെന്റിലും പ്രാവീണ്യം നേടാൻ സഹായകമാണ്. ഈ കോഴ്സിൽ പ്രോജക്ട് വർക്കും ഉൾപ്പെടുത്തിയിരിക്കുന്നു. ഈ കോഴ്സിലൂടെ ബിരുദാനന്തരബിരുദത്തിലേതുപോലെ ഏതെങ്കിലും മേഘലയിൽ Specialization നേടുക സാധ്യമല്ല.

## C) പ്രത്യേക ട്രീറ്റ്മെന്റ് ടെക്നിക്കിൽ ഉള്ള ഉപരിപഠനം

ഒക്കുപേഷണൽ തെറാപ്പിസ്റ്റിന് തന്റെ അഭിരുചിക്ക് അനുസൃതമായി വിവിധ തരം Treatments Techniqueൽ Specialization നേടാം. അവയിൽ ചില മേഖലകൾ

1) **Splinting**: (ശസ്ത്രക്രിയകൾക്ക് ശേഷവും വാതരോഗങ്ങളിലും കൈകൾക്കുണ്ടാകുന്ന തളർച്ചകളിലും മറ്റും ശരീരഭാഗത്തെ ശരിയായ രീതിയിൽ പൊസിഷൻ ചെയ്യാൻ ഉപയോഗിക്കുന്ന ഉപാധി). ഇവയുടെ നിർമ്മാണം രൂപകൽപ്പന, Alteration, check out എല്ലാം പ്രത്യേകം പരിശീലനം ലഭിച്ച ഒക്കുപേഷണൽ തെറാപ്പിസ്റ്റിന്റെ ചുമതലയാണ്.

2) **Sensory Integration (SI)** (പഞ്ചേന്ദ്രിയങ്ങളെ ഉദ്ധീപിപ്പിച്ചും, ഏകോപിപ്പിച്ചും, ശരിയായ പ്രതികരണശേഷിയും, പെരുമാറ്റ രീതിയും വളർത്തിയെടുക്കാൻ സഹായിക്കുന്ന ചികിത്സാ രീതി) ഇത് പഠന വൈകല്യം (Learning disability /Dyslexia) ഓട്ടിസം (Autism) ഹൈപ്പർ ആക്ടിവിറ്റി (Hyper activity) പോലുള്ള പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരം നൽകാൻ സഹായിക്കുന്ന ചികിത്സാ രീതിയാണ്.

ഈചികിത്സാരീതി വികസിപ്പിച്ചെടുത്തത് ഒരു ഒക്കുപേഷണൽ തെറാപ്പിസ്റ്റാണ്. ഇന്ന് ലോക മാസകലം ഒക്കുപേഷണൽ തെറാപ്പിസ്റ്റുകൾ ഈ ചികിത്സാ രീതി മേൽപറഞ്ഞ പ്രശ്നങ്ങളുടെ പരിഹാരത്തിനായി ഉപയോഗിച്ചുവരുന്നു. ഈ മേഖലയിലെ Specialization ഇന്ന് വളരെ യേറെ തൊഴിൽ സാധ്യതകളും, ഗവേഷണ സാധ്യതകളുമുള്ള മേഖലയാണ്. മാസം മുതൽ 1 വർഷം വരെയുള്ള കോഴ്സുകൾ നിലവിലുണ്ട്.

3) **Neuro Developmental Therapy (NDT)**

ഇത് ശാരീരിക വളർച്ചാ മാന്ദ്യം സംഭവിച്ച കുട്ടികൾക്ക് അവരുടെ ശാരീരികക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള ചികിത്സാ രീതിയാണിത്. ഇത് പ്രധാനമായും ഒക്കുപേഷണൽ തെറാപ്പിസ്റ്റും, ഫിസിയോ തെറാപ്പിസ്റ്റുമാണ് ഉപയോഗിക്കുന്നത്.

## D) Ph.D ഒക്കുപേഷണൽ തെറാപ്പി

റെഗുലർ : 3 വർഷം / പാർട്ട് ടൈം : 5 വർഷം

## E) ഇതര പഠന മേഖലകൾ

ഒക്കുപേഷണൽ തെറാപ്പി ബിരുദത്തിനു ശേഷം താഴെ പറയുന്ന ഇതര മേഖലകളിലും തുടർപഠനം നടത്താവുന്നതാണ്. ചില പ്രമുഖ മേഖലകൾ ചുവടെ ചേർക്കുന്നു.

- Masters in Public Health
- Masters in Biostatistics & Research Methodology
- M.Sc Medical Anatomy
- M. Sc Medical Physiology

## ഒക്കുപേഷണൽ തെറാപ്പി കോളേജ് തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- യൂണിവേഴ്സിറ്റി അംഗീകാരം : യു.ജി.സി. അംഗീകാരമുണ്ടോ?
- AIOTA (All India Occupational Therapist's Association) യുടെയും WFOT (World Federation of Occupational Therapist's ) ന്റെയും അംഗീകാരം
- പാഠ്യാവലി (Syllabus) – Clinical hours (during studentship & Internship) = ~ 5500 – 6000 hrs എന്നിവയുണ്ടോ?
- പാഠ്യാവലിയിൽ ഗവേഷണത്തിനുള്ള പ്രാധാന്യം

- Infrastructure- മെഡിക്കൽ കോളേജോ, സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനോട് ചേർന്നുള്ള കോളേജ് ആണെങ്കിൽ നന്നായിരിക്കും.
- ഈ ഹോസ്പിറ്റലിൽ വരുന്ന രോഗികളുടെ വൈവിധ്യം (Psychiatry, Pediatrics, Neurology, orthopedics etc..)
- അദ്ധ്യാപകർ - എണ്ണം / മാസ്റ്റേഴ്സ് ബിരുദമുള്ളവരാണോ
- ലൈബ്രറി - പ്രവർത്തന സമയം /പുസ്തകങ്ങളുടെ ലഭ്യത
- ഒക്കുപേഷണൽ തെറാപ്പി ക്ലിനിക് - നല്ല രീതിയിൽ പ്രവർത്തിക്കുന്ന ക്ലിനിക്കിനോട് ചേർന്നാണോ കോളേജ് പ്രവർത്തിക്കുന്നത്.
- എത്ര ക്ലിനിക്കൽ സ്റ്റാഫ് ഉണ്ട്?/ ക്ലിനിക്കൽ എത്ര സ്പെഷ്യാലിറ്റി ഉണ്ട്.
- Extra curricular activities/ facilities

## ഒരു ഒക്കുപേഷണൽ തെറാപ്പിസ്റ്റിന് അഭിലഷണീയമായ കഴിവുകൾ

ഒരു ഒക്കുപേഷണൽ തെറാപ്പിസ്റ്റിന് അഭിലഷണീയമായ കഴിവുകൾ

- ക്രിയാത്മക
- ശാരീരിക ക്ഷമത
- സംസാര പാടവം
- പഠന വൈഭവം
- പ്രതിജ്ഞാബദ്ധത



## 6. ഒക്കുപേഷണൽ തെറാപ്പിയുടെ തൊഴിൽ സാധ്യതകൾ

ഇൻഡ്യയിലും വിദേശത്തും ഒക്കുപേഷണൽ തെറാപ്പിസ്റ്റിന് വളരയേറെ തൊഴിൽ സാധ്യതയാണുള്ളത്. ഇൻഡ്യയിൽ പല പ്രമുഖ നഗരങ്ങളിൽപ്പോലും ഒക്കുപേഷണൽ തെറാപ്പിസ്റ്റിന്റെ ദൗർലഭ്യം ഉണ്ട്. ഒക്കുപേഷണൽ തെറാപ്പിസ്റ്റുകൾക്ക് ജോലി ലഭിക്കാവുന്ന പ്രധാന മേഖലകൾ ചുവടെ ചേർക്കുന്നു.

***OTയുടെ ജോലി സാധ്യത ഇൻഡ്യയിൽ***

| കേന്ദ്ര ഗവ.കീഴിൽ Central Govt. | സംസ്ഥാന ഗവ. State Govt. | സ്വകാര്യസ്ഥാപനങ്ങൾ Private sector | പ്രൈവറ്റ് പ്രാക്ടീസ് Private practice |
|---|---|---|---|
| ✓ ESI Hospitals<br>✓ സർവ്വശിക്ഷാ അഭിയാൻ<br>✓ കേന്ദ്ര ഗവ.ന്റെ Rehabilitation Institute കൾ<br><br>**Ex.** AIIPMR, NIRTAR, NIOH etc. | ✓ P.S.C posts<br>✓ ഗവ. മെന്റൽ ഹെൽത്ത് സെന്റർ<br>✓ സ്റ്റേറ്റ് ഗവർമെന്റ് മെഡിക്കൽ കോളേജ്<br>✓ District Rehabilitation Centre | ✓ OT clinic<br>✓ Hospital<br>✓ Special School<br>✓ Early intervention centres<br>✓ Normal schools<br>✓ ബഹുരാഷ്ട്ര കമ്പനികളിൽ<br>✓ Normal schools | ✓ Home Visit<br>✓ സ്വന്തമായുള്ള OT clinic |

***OT യുടെ ജോലി സാധ്യത വിദേശ രാജ്യങ്ങളിൽ***

ഒക്കുപേഷണൽ തെറാപ്പിയുടെ ജോലി സാധ്യത ഇപ്പോഴും വരുംവർഷങ്ങളിലും വളരെ ഉയർന്നതാണെന്നാണ് വിവിധ പാശ്ചാത്യ രാജ്യങ്ങളുടെ ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

- ✓ **U.S.A** - ഒക്കുപേഷണൽ തെറാപ്പിയുടെ തൊഴിൽ മേഖലകളിൽ 33ശതമാനം വളർച്ച 2010 2020 കാലഘട്ടത്തചന്റ് പ്രതീക്ഷിക്കുന്നു. (Ref: "Occupational therapist job out look Tile of the article." From Health Guide USA –America's online health, resource guide. Retrived from www.healthguideusa.org)
- ✓ Australia ഒക്കുപേഷണൽ തെറാപ്പിയുടെ തൊഴിൽ സാധ്യത 2016 -2017 കാലഘട്ടങ്ങളിൽ വളരെയധികം വർദ്ധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. (Ref: http://www.joboutlook.gov.au Search term 'occupational therapy')

- ✓ Canada – ഒക്കുപേഷണൽ തെറാപ്പിയുടെ ജോലി സാധ്യത വളരെ വലുതാണ് (Ref: http://www.servicecanda.gcac (search term, Occupational therapist)
- ✓ Singapore- ഒക്കുപേഷണൽ തെറാപ്പിയുടെ ജോലി സാധ്യത സിങ്കപ്പൂരിൽ ഇനിയും വർദ്ധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. (Ref: www.co.cancercampass.gov.sg (search terms – Occupational therapist )

ഇതുപോലെ തന്നെ ഗൾഫ് രാജ്യങ്ങളിലും (Kuwait, Saudi Arabia, Gulf) ഒക്കുപേഷണൽ തെറാപ്പിയുടെ ജോലി അവസരങ്ങൾ ഉയർന്നതാണ്.

## ഉപസംഹാരം

ഒക്കുപേഷണൽ തെറാപ്പി ക്രിയാത്മകവും ചലനാത്മകവുമായ ഒരു തൊഴിൽ മേഖലയാണ്. വളരെയധികം തൊഴിൽ സാധ്യത ഇന്ത്യയിലും വിദേശത്തും ഉള്ള കോഴ്സാണിത്. എല്ലാത്തിലും ഉപരി ശാരീരികസ മാനസിക, വൈകാരിക വൈകല്യങ്ങളുള്ള വ്യക്തികളെ കാര്യക്ഷമതയുള്ളവരാക്കി സമൂഹത്തിനും കുടുംബത്തിനും നൽകാൻ ഒരു ഒക്കുപേഷണൽ തെറാപ്പിസ്റ്റിന് സാധിക്കും.

കൂടുതൽ വിവരങ്ങൾക്ക് – www.kbaiota.org



# SECTION - II

## Occupational Therapy - A Gifted Profession



# INDEX


| Sl. No | Topic | Page No |
|---|---|---|
| 1 | Introduction | 23 |
| 2 | Short History of Occupational Therapy | 24 |
| 3 | Occupational Therapy in Rehabilitation Team | 26 |
| 4 | Functional Areas of Occupational Therapy in | 27 |
| 4.1 | Developmental Disabilities & pediatrics Care | 27 |
| | - Neonatal Care | 28 |
| | - Dyslexia, autism & behavioral disorders | 28 |
| | - Pediatric Neurology | 29 |
| 4.2 | Neuro-Rehabilitation & Neuroscience | 30 |
| | - Cognitive Rehabilitation | 30 |
| | - Neuro-motor Rehabilitation | 31 |
| 4.3 | Musculoskeletal Care | 32 |
| 4.4 | Mental Health Care | 32 |
| 4.5 | Ergonomics | 33 |
| 4.6 | Geriatric Care | 34 |
| 4.7 | Other Functional areas | 34 |
| 5 | Occupational Therapy – A Creative Employment Sector | 35 |
| 6 | Scope of Ocupational Therapy | 40 |

## 1. Occupational Therapy - Creative Health Care Sector

Occupational Therapy is relatively a new treatment arena. This allied health profession is platformed on modern health science. An Occupational Therapist (O.T.) can help persons with physical, mental or emotional challenge, to function efficiently in their daily living activities like self-care, leisure & job. Hence this profession has a wide scope to flourish. This article is a short description about this vibrant profession.

## *Difference between Occupational Therapy and Physiotherapy*

Occupational Therapy functions on a slightly discrete philosophy from other allied health care fields.

The word **"Occupational"** in Occupational Therapy refers to the daily activities of a person's routine. This could mean his profession, self-care activities, entertainment and rest. These daily activities can change according to age, gender & job difference. For example, if a person is a tutor or an engineering by his profession, his self-care activities are eating food, taking bath and changing dress himself. His entertainments may be wailing time with family members or himself, or engaging in activites like - watching TV, evening walking, jogging etc. But as far as child is concerned his "profession" and entertainments are engaging in play activities only.

Satisfaction in a person's life depends upon the balance in the three areas mentioned above (physical, mental or emotional). Any flucctuations in these areas is directly reflected on the person's "profession", daily activities, rest and entertainment. Hence Occupational Therapy aims at finding out fruitful and effective solution and rectify the challenges in these three areas.

Physiotherapy is also a part of Rehabilitation Team which plays a crucial role. The main function of a physiotherapist is to maximise mobility in

physically challenged and expediting the pain relief through use of physical modalities (wax therapy, ultra sound etc..) .

## 2. Short History of Occupational Therapy

A glance into the history conveys that, the method of acquiring physical and mental health through creative jobs was prevalent right from the period of Greek physician Aschlepiades (BC-100). Globally, the idea behind occupational therapy sprouts out in A.D.172, when the Greek physician Galen said "Employment is Nature's Best medicine and essential to human happiness".

Till the earlier 18$^{th}$ century, the society behaved in a very cruel and brutal manner to mental patients. These patients were kept in mental asylums without necessary facilities or care. During this period a French physician named Philippe Pinel (1745 – 1826), provided these persons with opportunity to engage in creative & productive occupations according to their ability. Its result was amazing. Many of these patients acquired the skill to retrieve back in fruitful and effective professions. This provided the world an opportunity to realize the importance of engaging in productive occupations.

The health profession of occupational therapy was conceived in the early 1910s as a reflection of the Progressive Era. The emergence of occupational therapy, challenged the views of mainstream thoughts about diseases at that time. Instead of focusing on purely physical etiologies, occupational therapists argued that a complex combination of social, economic, and biological reasons cause dysfunction. Between 1900 and 1930, the founders defined the realm of practice and developed supporting theories.

Later during the period of World War the need for Occupational Therapy rose again. The reason for this was the functional restoration perspective of Occupational Therapy to engage those who are wounded and disabled during the war in fruitful 'occupation'. During this period, occupational

therapists successfully convinced the public and health care system and established standards for our profession.

Gradually occupational therapy gained attention in other areas of functioning like pediatric rehabilitation, child psychiatry, geriatrics, ergonomics, hand rehabilitation etc… Today, Occupational therapy empowers people of all age with physical, emotional, and psychological problems to lead an independent life with pride in 76 countries world wide.

(For more details http://en.wikipedia.org/wiki/Occupational_therapy)

## *Occupational Therapy in India*

In 1855, Regular 'Occupation' based treatment was reported in Madras mental Asylum *(No.VII. Report on civil dispensaries, for 1853. Madras. 1855. Report by: Alexander Lorimer)*. In 1935, Lt. Col. Berkley Hill started Occupational Therapy at the European Mental Hospital, Kanke, Ranchi. *(Parkar SR, Dawani VS, Apte JS. History of psychiatry in India. J Postgrad Med 2001;47:73)*

